പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3116

07/11/2019-ൽ മറുപടിയ്ക്ക്

## കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ സ്കൂളുകൾ

ചോദ്യം

ശ്രീ കെ. വി. വിജയദാസ്

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ എത്ര സ്കൂളുകൾക്കാണ് അഞ്ചു കോടി, മൂന്നു കോടി, ഒരു കോടി രൂപയുടെ വീതം ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(എ) കോങ്ങാട് മണ്ഡലത്തിൽ അഞ്ചു കോടി, മൂന്നു കോടി, ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്.എസ്.പത്തിരിപ്പാല - 5 കോടി
2. ജി.എച്ച്.എസ്.മങ്കര - 3 കോടി
3. ജി.എച്ച്.എസ്.എസ്.കാരക്കുറിശ്ശി - 3 കോടി
4. ജി.എച്ച്.എസ്. കരിമ്പ - 3 കോടി
5. ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി- 3 കോടി
6. ജി.യു.പി.എസ്. കോങ്ങാട്- 3 കോടി
7. ജി.യു.പി.എസ് . കരിമ്പ - 1 കോടി
8. ജി.യു.പി.എസ്. ഇടത്തറ - 1 കോടി

(ബി) പ്രസ്തുത ഭരണാനുമതി നൽകിയിട്ടുള്ള ഓരോ സ്കൂളുകളുടെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ;

(സി) ഇനിയും നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ വിശദവിവരം നൽകുമോ; പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം എന്നു മുതൽ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്, വിശദവിവരം നൽകുമോ?

(ബി) & (സി) ജി.എച്ച്.എസ്.എസ്.പത്തിരിപ്പാല സ്കൂളിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 25% ലധികം വർക്ക് പൂർത്തിയായിട്ടുണ്ട്.

ജി.എച്ച്.എസ്. മങ്കരയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി SPV ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കൈറ്റ് പലവട്ടം ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനെതുടർന്ന് കൈറ്റിന്റെ നിർദ്ദേശപ്രകാരം SPV ആയി INKEL-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

ജി.എച്ച്.എസ്.എസ്.കാരക്കുറിശ്ശിയുടെ നിർമ്മാണ ത്തിനും SPV ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തി യിരുന്നത്. എന്നാൽ SPV ആയ KITE-നെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് നൽകിയ ശിപാർശ സർക്കാർ പരിഗണിച്ചു വരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാന ത്തിൽ ജി.എച്ച്.എസ്. കരിമ്പ, ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി, ജി.യു.പി.എസ്. കോങ്ങാട് എന്നീ സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും

പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ജി.യു.പി.എസ് . കരിമ്പ , ജി.യു.പി.എസ്. ഇടത്തറ എന്നീ സ്കൂളുകൾക്ക് കിഫ്ബി മുഖാന്തിരം ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനായി SPV യായി KILA യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**